# മുഴുവൻ കളിയുടെയും ആധാരം - പ്രകാശവും ബിന്ദുവും (വിശേഷിച്ച് ശിവജയന്തിയുടെ അവസരത്തിൽ)

ഇന്ന് ത്രിമൂർത്തിയായ ശിവബാബ ഓരോ കുട്ടികളുടെയും മസ്തകത്തിൽ മൂന്നു തിലകം കാണുകയാണ്.എല്ലാ കുട്ടികളും ഉണർവുത്സാഹത്തോടെ ത്രിമൂർത്തി ശിവജയന്തി ആഘോഷിക്കുവാൻ വന്നിരിക്കുകയാണ്. അപ്പോൾ ത്രിമൂർത്തി ശിവബാബ അതായത് ജ്യോതിർബിന്ദുവായ ബാബ കുട്ടികളുടെ മസ്തകത്തിൽ മൂന്നു ബിന്ദുക്കളുടെ തിലകം കണ്ട് ഹർഷിതനാകുകയാണ്. ഈ തിലകം മുഴുവൻ ജ്ഞാനത്തിന്റെയും സാരമാണ്. ഈ മൂന്നു ബിന്ദുക്കളിൽ മുഴുവൻ ജ്ഞാനസാഗരത്തിന്റെയും സാരം അടങ്ങിയിരിക്കുന്നു. മുഴുവൻ ജ്ഞാനത്തിന്റെയും സാരം മൂന്നു കാര്യങ്ങളാണ്.-പരമാത്മാ, ആത്മാ, ഡ്രാമ അതായത് രചന. ഇന്നത്തെ ഓർമചിഹ്നമായ ദിവസവും ശിവൻ അതായത് ബിന്ദുവിന്റേതാണ്. ബാബയും ബിന്ദു, താങ്കളും ബിന്ദു, രചന അതായത് ഡ്രാമയും ബിന്ദു. അപ്പോൾ താങ്കളെല്ലാ ബിന്ദുക്കളും ബിന്ദുവിന്റെ ജയന്തി ആഘോഷിക്കുകയാണ്. ബിന്ദുവായി ആഘോഷിക്കുകയല്ലേ! മുഴുവൻ പ്രകൃതിയുടെ കളിയും രണ്ടു കാര്യങ്ങളുടേതാണ്, ഒന്ന് ബിന്ദുവിന്റേത് രണ്ട് പ്രകാശം അതായത് ജ്യോതിയുടേത്. ബാബയെ കേവലം ബിന്ദുവല്ല എന്നാൽ ജ്യോതിർബിന്ദുവെന്ന് പറയുന്നു. രചയിതാവും ജ്യോതിർബിന്ദുവാണ്, താങ്കളും ഹീറോ പാർട്ട്ധാരികൾ ജ്യോതിർബിന്ദുക്കളാണ്, വെറും ബിന്ദുവല്ല. എല്ലാ കളിയും നോക്കൂ-എന്തു കാര്യം ചെയ്യുമ്പോഴും അതിന്റെ ആധാരം പ്രകാശമാണ്. ഇന്ന് ലോകത്ത് അഥവാ പ്രകാശം പരന്നുവെങ്കിൽ ഒരു സെക്കന്റിൽ ലോകം ലോകമായി തോന്നില്ല. ഏതു സുഖത്തിന്റെ സാധനത്തിന്റെയും ആധാരമെന്താണ്? പ്രകാശം. രചയിതാവ് സ്വയവും പ്രകാശമാണ്. എന്നാൽ പ്രകൃതിയുടെ പ്രകാശം അവിനാശിയല്ല. അപ്പോൾ മുഴുവൻ കളിയും ബിന്ദുവിലും പ്രകാശത്തിലുമാണ്. ഇന്നത്തെ സ്മരണദിവസത്തെ വിശേഷിച്ച് നിരാകാരരൂപത്തിൽ ആഘോഷിക്കുന്നു. എന്നാൽ താങ്കൾ എങ്ങനെ ആഘോഷിക്കും? താങ്കൾ വിശേഷ ആത്മാക്കൾക്ക് ആഘോഷിക്കലും വിശേഷമല്ലേ. ഇങ്ങനെ ഒരിക്കലെങ്കിലും വിചാരിച്ചിരുന്നോ നാം ആത്മാക്കൾ ഇത്രയും കോടാനുകോടി ഭാഗ്യശാലികളാണ് നേരിട്ട് ത്രിമൂർത്തി ശിവബാബയ്ക്കൊപ്പം സാകാരരൂപത്തിൽ ജയന്തി ആഘോഷിക്കുമെന്ന്? ഒരിക്കലും സ്വപ്നത്തിൽ പോലും സങ്കൽപിച്ചിരുന്നില്ല.ലോകത്തുള്ളവർ ഓർമചിത്രത്തിലൂടെ ജയന്തി ആഘോഷിക്കുന്നു താങ്കൾ ചൈതന്യത്തിൽ ബാബയെ അവതരിപ്പിച്ച് ജയന്തി ആഘോഷിക്കുന്നു. അപ്പോൾ ശക്തിശാലി ആരായി? താങ്കളോ ബാബയോ. ബാബ പറയുന്നു ആദ്യം താങ്കൾ. കുട്ടികളില്ലായിരുന്നെങ്കിൽ ബാബ വന്ന് എന്തു ചെയ്യുവാൻ! അതിനാൽ ആദ്യം ബാബ കുട്ടികൾക്ക് ആശംസ നൽകുന്നു, മനസിന്റെ പ്രേമത്തിന്റെ ആശംസ. ബാബയെ ഹൃദയത്തിൽ പ്രത്യക്ഷമാക്കി. അപ്പോൾ ഹൃദയത്തിൽ ബാബയെ പ്രത്യക്ഷമാക്കുന്നതിന്റെ ആശംസ. ഒപ്പമൊപ്പം വിശ്വത്തിലെ സർവാത്മാക്കളെയും പ്രതി ദയാമനസ്ക വിശ്വമംഗളകാരിയുടെ ശുഭഭാവന, ശുഭകാമനയിലൂടെ വിശ്വത്തിനു മുന്നിൽ ബാബയെ പ്രത്യക്ഷമാക്കുന്ന സേവനത്തിൻരെ ഉണർവുത്സാഹത്തിന്റെ ആശംസ.

ബാപ്ദാദ എല്ലാ കുട്ടികളുടെയും ഉത്സാഹത്തിന്റെ ഉത്സവം കാണുകയായിരുന്നു. സേവനം ചെയ്യുക അർഥം ഉത്സാഹത്തിന്റെ ഉത്സവം ആഘോഷിക്കുക. എത്ര വലിയ പരിധിയില്ലാത്ത സേവനം ചെയ്യുന്നു അത്രയും പരിധിയില്ലാത്ത ഉത്സവം ആഘോഷിക്കുന്നു. സേവനത്തിൻരെ അർഥം തന്നെ എന്താണ്? സേവനം എന്തിനാണ് ചെയ്യുന്നത്? ആത്മാക്കൾക്ക് ബാബയുടെ പരിചയത്തിലൂടെ ഉത്സാഹം വർധിപ്പിക്കാനായി. സേവനത്തിൻരെ പദ്ധതിയുണ്ടാക്കുമ്പോൾ ഇതേ ഉത്സാഹമുണ്ടാകുന്നില്ലേ ഉടനുടൻ വഞ്ചിക്കപ്പെട്ട ആത്മാക്കൾക്ക് ബാബയുടെ പരിചയം നൽകണം.ആത്മാക്കൾക്ക് സന്തോഷത്തിന്റെ തിളക്കത്തിന്റെ അനുഭവം ചെയ്യിക്കണം. ഇന്ന് ഏത് ആത്മാക്കളെ കാണുകയാണെങ്കിലും ഇന്നത്തെ ലോകത്ത് എത്ര വലിയവരാണെങ്കിലും ഓരോ ആത്മാക്കളെ പ്രതിയും കാണുമ്പോഴേക്ക് എന്തു സങ്കൽപമാണ് വരുന്നത്? ഇത് പ്രധാനമന്ത്രിയാണ്,ഇത് രാജാവാണ്- ഇത് കാണപ്പെടുന്നുവോ അതോ ആത്മാവുമായി കൂടിക്കാണുന്നുവോ? ശുഭഭാവനയുണരുന്നില്ലേ ഈ ആത്മാവും ബാബയിൽ നിന്നു പ്രാപ്തിയുടെ അഞ്ജലിയെടുക്കട്ടെ.ഈ സങ്കൽപത്തോടെയല്ലേ കൂടിക്കാഴ്ച നടത്തുന്നത്? ഇപ്പോൾ ഈ ശുഭഭാവന ഉത്പന്നമാകുമ്പോഴേ താങ്കളുടെ ശുഭഭാവനയുടെ ഫലം ആ ആത്മാവിന് അനുഭവത്തിന്റെ ബലമായി ലഭിക്കുന്നുള്ളൂ.ശുഭഭാവന താങ്കളുടേതാണ് എന്നാൽ താങ്കളുടെ ഭാവനയുടെ ഫലം അവർക്കു ലഭിക്കുന്നു എന്തെന്നാൽ താങ്കൾ ശ്രേഷ്ഠആത്മാക്കളുടെ ശുഭഭാവനയുടെ സങ്കൽപത്തിൽ വളരെ ശക്തിയുണ്ട്. താങ്കൾ ഓരോരോ ശ്രേഷ്ഠാത്മാക്കളുടെ ഓരോരോ ശുഭസങ്കൽപവും വായുമണ്ഡലത്തെ സൃഷ്ടിക്കുന്നു. സങ്കൽപത്തിലൂടെ സൃഷ്ടിയെന്നല്ലേ പറയുന്നത്! ഈ ശുഭഭാവനയുടെ ശുഭസങ്കൽപം അതായത് നാനഭാഗത്തെയും അന്തരീക്ഷം അതായത് സൃഷ്ടിയെ മാറ്റുന്നു. അതിനാൽ വരുന്ന ആത്മാക്കൾക്കെല്ലാം നല്ലതിലും നല്ല അ

നുഭവമുണ്ടാകുന്നു. വേറിട്ട ലോകമായി അനുഭവമാകുന്നു. അൽപസമയത്തെ താങ്കളുടെ ശുഭസങ്കൽപത്തിൻരെ ഭാവനയുടെ ഫലമായി അവർ മനസിലാക്കുന്നു ഇത് വേറിട്ട പ്രിയപ്പെട്ട സ്ഥലമാണ്. വേറിട്ട പ്രിയപ്പെട്ട മാലാഖമാരായ ആത്മാക്കളാണ്. എങ്ങനെയുള്ള ആത്മാവാണെങ്കിലും അൽപസമയത്തേക്ക് ഉത്സാഹത്തിൽ വരുന്നു. സേവനത്തിന്റെ അർഥമെന്തായി? ഉത്സവമാഘോഷിക്കുക എന്നാൽ ഉത്സാഹത്തിൽ കൊണ്ടുവരിക. ആര് സ്ഥൂലകർമം ചെയ്യുകയാണെങ്കിലും വാക്കിലൂടെയാണെങ്കിലും സങ്കൽപത്തിലൂടെയാണെങ്കിലും ഓരോ വാക്കും ഉത്സവമാണ് എന്തെന്നാൽ ഉത്സാഹത്തോടെ ചെയ്യുന്നു, ഉത്സാഹം നൽകുന്നു, ഈ സ്മൃതിയാൽ ഒരിക്കലും ക്ഷീണമുണ്ടാവുകയില്ല ഭാരമനുഭവപ്പെടില്ല. തല ഭാരിച്ചതാകില്ല, നിരാശരാകില്ല. എപ്പഴെങ്കിലും ആർക്കെങ്കിലും ക്ഷീണമുണ്ടോ ഹൃദയം ഉറങ്ങുകയാണോ ലോകത്ത് എന്തു പറയാറുണ്ട്, ഏതെങ്കിലുമൊക്കെ മനസിനെ രസിപ്പിക്കുന്ന സ്ഥലത്തു പോകുന്നു. പറയുന്നു ഇന്ന് തല വളരെ ഭാരിച്ചിരിക്കുന്നു അതു കൊണ്ട് അൽപം രസം വേണം. ഉത്സവത്തിന്റെ അർഥം തന്നെയാകുന്നു ആനന്ദം ആചരിക്കുക. കഴിക്കൂ, കുടിക്കൂ, ആനന്ദിക്കൂ-ഇത് ഉത്സവമാണ്. ബ്രാഹ്മണർക്ക് ഓരോ നിമിഷവും ഉത്സവമാണ്, ഓരോ കർമവും ഉത്സവമാണ്. ഉത്സവമാഘോഷിക്കുന്നതിൽ ക്ഷീണമുണ്ടാകുമോ? ഇവിടെ മധുബനിൽ മനോരസത്തിനുള്ള പരിപാടികൾ ചെയ്യുന്നു. 11 മണിയടിച്ചാലും ഇരിക്കുന്നു. ക്ലാസിൽ 11 മണിയായാൽ പകുതി ക്ലാസ് കടന്നുപോകുന്നു.മനോരസം നല്ലതായി തോന്നുന്നില്ലേ? അപ്പോൾ സേവനവും ഉത്സവമാണ്. ഈ വിധിയിലൂടെ സേവനം ചെയ്യൂ.സ്വയവും ഉത്സാഹത്തിൽ കഴിയൂ.ആത്മാക്കളെയും ഉത്സാഹത്തിൽ കൊണ്ടുവരൂ അപ്പോൾ എന്താകും? എന്തു സേവനം ചെയ്യുമ്പോഴും അതിലൂടെ ആത്മാക്കളുടെയും ഉത്സാഹം വർധിച്ചുകൊണ്ടിരിക്കും. ഇങ്ങനെ ഉത്സാഹമുണ്ടോ? അതോ മധുബൻ വരെയേ ഉള്ളൂ? അവിടെ പോകുന്നതിലൂടെ പിന്നെ സാഹചര്യങ്ങൾ കാണപ്പെടുമോ? ഉത്സാഹം ഇങ്ങനെയുള്ള സാധനമാണ് അതിനു മുന്നിൽ പരിതസ്ഥിതി ഒന്നും തന്നെയല്ല. ഉത്സാഹം കുറയുമ്പോൾ പരതസ്ഥിതി യുദ്ധം ചെയ്യുന്നു. ഉത്സാഹമുണ്ടെങ്കിൽ പരിതസ്ഥിതി യുദ്ധം ചെയ്യില്ല, താങ്കൾക്കു മുന്നിൽ ബലിയർപ്പണമാകും.

ഇന്ന് ഉത്സവമാഘോഷിക്കാൻ വന്നിരിക്കുകയല്ലേ. ശിവജയന്തിയെ ഉത്സവമെന്നു പറയുന്നു. ഉത്സവമാഘോഷിക്കാനല്ല വന്നിരിക്കുന്നത് എന്നാൽ ഓരോ നിമിഷവും ഉത്സവമാണ്-ഇത് അടിവരയിടാനാണ് വന്നിരിക്കുന്നത്. ശക്തിയുമില്ല, വിചാരിക്കൂ ശരീരത്തിനു ശക്തിയില്ല അല്ലെങ്കിൽ ധനത്തിന്റെ ശക്തി കുറവായതു കാരണം മനസിൽ തോന്നുന്നു ഇത് സാധിക്കുകയില്ല. എന്നാൽ ഉത്സാഹം ഇങ്ങനെയുള്ള സാധനമാണ് താങ്കൾക്ക് അഥവാ ഉത്സാഹമുണ്ടെങ്കിൽ മറ്റുള്ളവരും ഉത്സാഹത്തിൽ മുന്നേറി താങ്കൾക്കു സഹയോഗിയായി മാറുന്നു. ധനത്തിന്റെ കുറവുമുണ്ടാകും എങ്കിലും എവിടെവിടെ നിന്നെങ്കിലും ധനത്തെയും ഉത്സാഹം ആകർഷിച്ചുകൊണ്ടുവരും. ഭക്തിയിൽ പറയാറുള്ളതു പോലെ ഉത്സാഹം പൊടിയെയും പണമാക്കും. ഇത്രയും പരിവർത്തനം ഉണ്ടാകുന്നു! ഉത്സാഹം ഇങ്ങനെയുള്ള സാധനമാണ് ആരുടെയും ദുർബലതയുടെ സംസ്കാരത്തിന്റെ പ്രഭാവമേൽക്കുകയില്ല. താങ്കളുടെ പ്രഭാവം അവർക്കു മേൽ വീഴും, അവരുടെ പ്രഭാവം താങ്കൾക്കു മേൽ വരികയില്ല. ചിന്തിക്കുക പോലും ചെയ്യാതിരുന്നതും സഹജമായി സാകാരമായിത്തീരും. ഇത് ബാപ്ദാദയ്ക്ക് എല്ലാ സേവാധാരികളോടുമുള്ള ഉറപ്പുള്ള വരദാനമാണ്. മനസിലായോ?

ബാപ്ദാദ സന്തുഷ്ടമാണ്, നല്ല ലഹരിയോടെ സേവനത്തിന്റെ പദ്ധതി ഉണ്ടാക്കിക്കൊണ്ടിരിക്കുകയാണ്. സംസ്കാരങ്ങളെ ചേർക്കുക എന്നാൽ സമ്പൂർണതയെ സമീപത്തു കൊണ്ടുവരികയും സമയത്തെ സമീപത്തു കൊണ്ടുവരികയുമാണ്. ബാപ്ദാദയും കണ്ടുകൊണ്ടിരിക്കുകയാണ്-സംസ്കാരമിലനത്തിന്റെ രഹസ്യം നന്നായി ചെയ്യുകയായിരുന്നു, നല്ല സുഗന്ധം വന്നുകൊണ്ടിരിക്കുകയായിരുന്നു! അപ്പോൾ സദാ എങ്ങനെ ഇരിക്കണം? ഉത്സവമാഘോഷിക്കണം, ഉത്സാഹത്തിൽ കഴിയണം. സ്വയം സാധിക്കുന്നില്ലെങ്കിൽ മറ്റുള്ളവർക്ക് ഉത്സാഹം നൽകൂ മറ്റുള്ളവരുടെ ഉത്സാഹം താങ്കളെയും ഉത്സാഹത്തിൽ കൊണ്ടുവരും. നിമിത്തമായ വലിയവർ ഇതേ കാര്യമാണല്ലോ ചെയ്യുന്നത്. മറ്റുള്ളവർക്ക് ഉത്സാഹം നല്കുക അർഥം സ്വയം ഉത്സാഹത്തിലാകുക. അഥവാ 14 അണ ഉത്സാഹമാണുള്ളതെങ്കിൽ മറ്റുള്ളവർക്ക് 16 അണ ഉത്സാഹം നൽകൂ അപ്പോൾ താങ്കളുടെയും രണ്ടണ ഉത്സാഹം വർധിക്കും. ബ്രഹ്മാബാബയുടെ വിശേഷത എന്തായിരുന്നു? കൽക്കരി ചുമക്കാനാണെങ്കിലും ഉത്സാഹത്തോടെ ചുമക്കുമായിരുന്നു, മനോരസമനുഭവിക്കുമായിരുന്നു(കൽക്കരിയുടെ 35 വാഗണുകൾ വരാനുണ്ടായിരുന്നു, ബാപ്ദാദ മുരളിയിൽ കൽക്കരിയുടെ കാര്യം പറയുകയായിരുന്നു അല്പസമയത്തിനു ശേഷം വാർത്ത ലഭിച്ചു അബുറോഡിൽ കൽക്കരിയുടെ വാഗണുകൾ എത്തിച്ചേർന്നിരിക്കുന്നു) ശരി!

എല്ലാ പാണ്ഡവരും എന്തു ചെയ്യും? സദാ ഉത്സാഹത്തിൽ കഴിയുമല്ലോ. ഉത്സാഹം ഒരിക്കലും ഉപേക്ഷിക്കരുത്. ഇപ്പോഴത്തെ ഉത്സാഹം താങ്കളുടെ ജഡചിത്രങ്ങളുടെ മുന്നിൽ പോയി ആദ്യം ഉത്സാഹവും ധൈര്യവുമേകി പിന്നെ കാര്യം ആരംഭിക്കുന്നു. ഇത്രയും ഉത്സാഹം നിറഞ്ഞ ആത്മാക്കളാണ് താങ്കളുടെ ജഡചിത്രങ്ങളും മറ്റുള്ളവർക്ക് ഉത്സാഹവും ധൈര്യവും നൽകിക്കൊണ്ടിരിക്കുന്നു.! പാണ്ഡവരുടെ മ

ഹാവീരന്റെ ചിത്രം എത്ര പ്രസിദ്ധമാണ്! ദുർബലർ ശക്തിക്കായി മഹാവീരനു സമീപത്തു പോകുന്നു! ശരി.

നാനാഭാഗത്തുമുള്ള സർവ അതിശ്രേഷ്ഠഭാഗ്യശാലി കുട്ടികൾക്ക് സദാ ജ്യോതിർബിന്ദുവായി ജ്യോതിർ ബിന്ദുവിനെ പ്രത്യക്ഷമാക്കാനുള്ള ഉണർവുത്സാഹത്തിൽ കഴിയുന്നവരായ, സദാ ഹൃദയത്തിൽ ബാബ യുടെ പ്രത്യക്ഷതയുടെ കൊടി പാറിക്കുന്നവരായ, സദാ വിശ്വത്തിൽ ബാബയുടെ പ്രത്യക്ഷതയുടെ കൊ ടി പാറിക്കുന്നവരായ-ഇങ്ങനെ വജ്രതുല്യ ബാബയുടെ ജയന്തി അതായത് കുട്ടികളുടെ ജയന്തിയുടെ ആ ശംസകൾ. സദാ ആശംസകളിൽ പറക്കുന്നവർ സദാ ഉണ്ടായിരിക്കും-ഇങ്ങനെ ഉത്സാഹത്തിൽ കഴിയു ന്ന ഓരോ സമയത്തും ഉത്സവം ആഘോഷിക്കുന്ന, സർവർക്കും ഉത്സാഹം നൽകുന്ന മഹാ ശക്തിശാലി ആത്മാക്കൾക്ക് ത്രിമൂർത്തി ശിവബാബയുടെ സ്നേഹസ്മരണയും ആശംസയും നമസ്കാരവും.

ഡബിൾവിദേശിസഹോദരീസഹോദരൻമാരുടെ ഗ്രൂപ്പുമായുള്ള സംഭാഷണം- ബാബയ്ക്കും കുട്ടികൾക്കും ഇത്രയും ഹൃദയത്തിന്റെ സൂക്ഷ്മബന്ധമുണ്ട് ആർക്കും വേർപെടുത്താനുള്ള ശക്തിയില്ല. ഏറ്റവും വലു തിലും വലിയ ലഹരി കുട്ടികളുടേത് ഇതാണ് ലോകം ബാബയെ ഓർമിക്കുന്നു എന്നാൽ ബാബ ആരെ ഓർമിക്കുന്നു! ബാബയെ പിന്നെ ആത്മാക്കൾ ഓർമിക്കുന്നു എന്നാൽ താങ്കൾ ആത്മാക്കളെ ആര് ഓർമി ക്കുന്നു! എത്ര വലിയ ലഹരിയാണ്. സദാ ഈ ലഹരിയുണ്ടോ? കുറവും കൂടുതലും ആകാറുണ്ടോ? ഇ ടയ്ക്ക് പറക്കുക, ഇടയ്ക്ക് കയറുക, ഇടയ്ക്ക് നടക്കുക...ഇങ്ങനെയല്ലല്ലോ? പുറകോട്ടു പോകുന്നവരല്ല നിന്നുപോകുന്നവരല്ല എന്നാൽ വേഗതയിൽ മാറ്റമുണ്ടാകുന്നു. ബാപ്ദാദ സദാ കുട്ടികളുടെ കളി കണ്ടു കൊണ്ടിരിക്കുന്നു, ഇടയ്ക്ക് നടക്കാൻ തുടങ്ങുന്നു, പിന്നെ എന്തുണ്ടാകുന്നു? എന്തെങ്കിലും ഇങ്ങനെയു ള്ള പരിതസ്ഥിതിയുണ്ടാകുന്നു, പിന്നെ ആരെങ്കിലും വഞ്ചിച്ച പോലെ, നടക്കാൻ തുടങ്ങുന്നു. ഇങ്ങനെ എന്തെങ്കിലും എന്തെങ്കിലും കാര്യം ഡ്രാമയനുസരിച്ച് ഉണ്ടാകുന്നു പിന്നെയും പറക്കുന്ന കലയിലേക്ക് പോകുന്നു .എന്തെന്നാൽ ഡ്രാമയനുസരിച്ച് പക്ക നിശ്ചയബുദ്ധിയാണ്, ഹൃദയത്തിൽ സങ്കൽപമെടുത്തു ബാബ എന്റേത് ഞാൻ ബാബയുടേത്, അപ്പോൾ ഇങ്ങനെയുള്ള ആത്മാക്കൾക്ക് സ്വതവേ സഹായം ലഭി ക്കുന്നു. സഹായം ലഭിക്കുവാൻ എത്ര സമയമെടുക്കുന്നു? (സെക്കന്റ്) നോക്കൂ ഫോട്ടോ എടുക്കുക യാണ്. ബാബയുടെ മുറി സെക്കന്റിൽ എല്ലാവരും പുറത്തെടുക്കുന്നു. എന്തു തന്നെ സംഭവിച്ചോട്ടെ എ ന്നാൽ ബാബയും സേവനവും ഇതിൽനിന്നും ഒരിക്കലും മാറരുത്. ഓർമിക്കുന്നതിലും പഠിപ്പു പഠിക്കുന്ന തിലും മനസു നിൽക്കുന്നില്ലെങ്കിലും മനപൂർവം കേട്ടുകൊണ്ടിരിക്കൂ, യോഗം വെച്ചുകൊണ്ടിരിക്കൂ ശരി യായിത്തീരും. എന്തെന്നാൽ മായ പരിശ്രമിച്ചുനോക്കുകയാണ്. ഇവർ അൽപമെങ്കിലും മാറുകയാണെ ങ്കിൽ ഇവരുടെയടുക്കൽ പോകാം അതിനാൽ ഒരിക്കലും മാറരുത്. നിയമങ്ങളെ ഒരിക്കലും ഉപേക്ഷിക്ക രുത്. സ്വന്തം പഠിപ്പ്, അമൃതവേള, എന്തു സേവനമെന്തായാലും ദിനചര്യയിൽ മനസ് മുഴുകുന്നില്ലെങ്കിലും ദിനചര്യയിൽ ഒന്നും നഷ്ടപ്പെടുത്തരുത്. ഭാരതത്തിൽ ചൊല്ലുണ്ട്-എത്ര നിയമമോ അത്രയും പ്രയോജനം. അപ്പോൾ ഈ ഉണ്ടാക്കിയിരിക്കുന്ന നിയമങ്ങളെന്തായാലും നിയമമാണ് ഒരിക്കലും നഷ്ടപ്പെടുത്തരുത്. നോക്കൂ താങ്കളുടെ ഭക്തരിപ്പോഴും താങ്കളുടെ നിയമം പാലിക്കുകയാണ്. മനസില്ലെങ്കിൽ പോലും ക്ഷേത്ര ത്തിൽ പോകും തീർച്ചയായും, ഇത് ആരിൽ നിന്നു പഠിച്ചതാണ്? താങ്കൾ പഠിപ്പിച്ചതല്ലേ! സദാ ഈ അനുഭ വം ചെയ്യൂ എന്തു മര്യാദകളായാലും നിയമങ്ങളായാലും അവ ഉണ്ടാക്കുന്നത് നമ്മളാണ്. താങ്കൾ ഉ ണ്ടാക്കിയോ അതോ ഉണ്ടാക്കിയത് ലഭിച്ചുവോ? നിയമനിർമാതാക്കളാണ് ഓർമയില്ലേ? അമൃതവേളയിൽ എഴുന്നേൽക്കുക ഇത് താങ്കളുടെ മനസ് അംഗീകരിക്കുന്നുവോ അതോ ഉണ്ടായിപ്പോയതു കൊണ്ട് പാ ലിക്കുകയാണോ-താങ്കൾ സ്വയം അനുഭവം ചെയ്ത് പോകുകയാണോ അതോ നിർദേശം അഥവാ നിയ മമുള്ളതുകൊണ്ട് അതിലൂടെ പോകുകയാണോ? താങ്കളുടെ മനസ് അംഗീകരിക്കുന്നില്ലേ! അപ്പോൾ എന്താണോ മനസ് അംഗീകരിക്കുന്നത് അതു മനസ് ഉണ്ടാക്കിയതല്ലേ! എന്തെങ്കിലും നിർബന്ധം കൊണ്ട് പോകുകയല്ലല്ലോ? ചെയ്യണമല്ലോ. എല്ലാം മനസിന് ഇഷ്ടമാണല്ലോ? എന്തെന്നാൽ എന്താണോ സന്തോഷ ത്തോടെ ചെയ്യുന്നത് അതിൽ ബന്ധനമുണ്ടാകുന്നില്ല. ഇവിടെ ബാബ ആദി, മധ്യ, അന്ത്യം-മൂന്നു കാലങ്ങ ളുടെയും അറിവേകി. എന്തു ചെയ്യുന്നുവെങ്കിലും മൂന്നുകാലങ്ങളെയും അറിഞ്ഞ് ആ സന്തോഷത്തോടു കൂടെ ചെയ്യുന്നു. ബാബ കാണുകയാണ് അത്ഭുതം ചെയ്യുന്ന കുട്ടികളാണ്, ബാബയോടുള്ള സ്നേഹം മു റിയാത്തതാണ് അതിനാൽ എന്തു സംഭവമുണ്ടായാലും പറന്നുകൊണ്ടിരിക്കുന്നു. ബാബയോട് സ്നേഹ ത്തിൽ എല്ലാവരും ഫുൾപാസ് ആണ്. പഠനത്തിൽ യഥാക്രമമാണ്. എന്നാൽ സ്നേഹത്തിൽ നമ്പർവൺ ആണ്. സേവനവും നന്നായി ചെയ്യുന്നു എന്നാൽ ഇടയ്ക്കിടെ അല്പം കളി കാണിക്കുന്നു .എങ്ങനെയാണോ ബാബയോട് നമ്പർവൺസ്നേഹമുള്ളത് ഇങ്ങനെ മുരളിയോടും സ്നേഹമുണ്ടോ? വന്നപ്പോൾ മുതൽ എ ത്ര മുരളികൾ നഷ്ടമായിട്ടുണ്ടാകും? ആരെങ്കിലും എപ്പോഴെങ്കിലും ഇങ്ങനെ ഒഴികഴിവു കൊണ്ട് ക്ലാസ് ന ഷ്ടപ്പെടുത്തിയിട്ടുണ്ടോ? ബാബയെ ഓർമിക്കുന്നത് നഷ്ടപ്പെടുത്താനാവാത്തതു പോലെ ഇങ്ങനെ പഠിപ്പു നഷ്ടപ്പെടുത്തരുത്. ഇതിലും നമ്പർവൺ ആകണം. അച്ഛന്റെ രൂപത്തിൽ ഓർമ, അധ്യാപകന്റെ രൂപത്തിൽ പഠിപ്പ്, സദ്ഗുരുവിന്റെ രൂപത്തിൽ പ്രാപ്തമായ വരദാനം കാര്യത്തിലുപയോഗിക്കുക-ഈ മൂന്നിലും ന

മ്പർവൺ ആകണം.  വരദാനം എല്ലാവർക്കും ലഭിക്കുന്നില്ലേ എന്നാൽ സമയത്ത് വരദാനത്തെ കാര്യത്തിലുപയോഗിക്കുക–ഇതിനെ പറയുന്നു വരദാനത്തിന്റെ ലാഭമെടുക്കുക. അപ്പോൾ ഈ മൂന്നു കാര്യങ്ങളും പരിശോധിക്കുക–ആദ്യം മുതൽ ഇതുവരെ ഈ മൂന്നു കാര്യങ്ങളിൽ എത്രത്തോളം വിജയിച്ചു, അപ്പോൾ വിജയമാലയിലെ മണിയാകും.ശരി!
ബാപ്ദാദ കുട്ടികളുടെ നിശ്ചയവും ഉണർവും കണ്ട് സന്തുഷ്ടമാണ്. ബാപ്ദാദ ഓരോരോ വിശേഷത കാണുകയാണ്. ബാപ്ദാദ നോക്കുമ്പോൾ ത്ര പ്രേമത്തോടെ മുന്നേറുന്നു, പരിശ്രമത്തെ പരിശ്രമമായി കരുതാതെ പ്രേമത്തോടെ പൊയ്ക്കൊണ്ടിരിക്കുന്നു– അപ്പോൾ സന്തോഷിക്കുന്നു.ഓരോരോ വിശേഷതയുടെ ലിസ്റ്റ് ബാപ്ദാദയുടെ  പക്കലുണ്ട് മനസിലായോ?     ശരി!
വിടപറയുന്ന സമയത്ത്– ഇന്ന് ബാപ്ദാദയുടെയും അനേകം കുട്ടികളുടെയും ജന്മദിവസത്തിന്റെ കോടിമടങ്ങ് ആശംസകൾ. നാനാഭാഗത്തെയും കുട്ടികളുടെ ജന്മദിനത്തിന്റെ കോടിമടങ്ങ് ആശംസകൾ. നാനാഭാഗത്തുമുള്ള കുട്ടികളുടെ ഹൃദയത്തിന്റെ സ്നേഹസ്മരണയും ഒപ്പമൊപ്പം സ്ഥൂലഓർമചിഹ്നമായി ആശംസകളുടെ സ്നേഹം നിറഞ്ഞ എഴുത്തും കാർഡുകളും കിട്ടി. എല്ലാവർക്കും സ്നേഹസ്മരണയും സദാ മാലാഖയായി പറന്നുകൊണ്ടിരിക്കാനുള്ള ആശംസകളും. ശരി, ഡയമണ്ട് മോണിംഗ്.

**വരദാനം :– അമംഗളത്തിന്റെ ദൃശ്യത്തിലും മംഗളത്തിന്റെ അനുഭവം ചെയ്ത് സദാ അചഞ്ചലമായി ഇളകാതിരിക്കുന്ന നിശ്ചയബുദ്ധിയായി ഭവിക്കട്ടെ.**

ഡ്രാമയിൽ എന്തു സംഭവിക്കുന്നുവെങ്കിലും അത് മംഗളകാരിയുഗത്തിന്റെ കാരണത്താൽ എല്ലാം മംഗളകാരിയാകുന്നു.  അമംഗളത്തിലും മംഗളം  കാണപ്പെടട്ടെ അപ്പോൾ പറയാം നിശ്ചയബുദ്ധി. പരിതസ്ഥിതിയുടെ സമയം തന്നെ നിശ്ചയത്തിന്റെ സ്ഥിതിയുടെ തിരിച്ചറിവാകുന്നു. നിശ്ചയത്തിന്റെ അർഥമാണ്– സംശയത്തിന്റെ പേരോ അടയാളമോ ഉണ്ടാകരുത്. എന്തു തന്നെ സംഭവിച്ചോട്ടെ എന്നാൽ നിശ്ചയബുദ്ധിയെ ഒരു പരിതസ്ഥിതിക്കും ഇളക്കത്തിലേക്കു കൊണ്ടുവരാനാവില്ല. ഇളക്കത്തിൽ വരിക എന്നാൽ ദുർബലരാകുക.

**സ്ലോഗൻ :– പരമാത്മാസ്നേഹത്തിനു പാത്രമാകൂ എങ്കിൽ സഹജമായും മായാജീത്തായി മാറും.**